**QP CODE**
**B2034**

**Enrollment Number: .................**

**Name: ....................................**

# MA DEGREE EXAMINATIONS, APRIL 2025
## First Semester
## M.A. Malayalam Language and Literature
## M21ML03DC- ഗദ്യം-കഥാസാഹിത്യം
## (2024 July Admissions)

**Time: 3 Hours** **Max Marks: 70**

### സെക്ഷൻ എ

**ഏതെങ്കിലും അഞ്ച് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം**

1. നോവൽ എന്ന പദം രൂപപ്പെട്ടതെങ്ങനെ? ലോകത്തിലെ ആദ്യത്തെ നോവൽ ഏത്?
2. 1847-87 കാലഘട്ടത്തിൽ മലയാളത്തിലുണ്ടായ ആദ്യകാല നോവലുകളെ പരിചയപ്പെടുത്തുക.
3. വിക്ടോറിയൻ നോവൽസങ്കല്പത്തെ അനുസ്മരിപ്പിക്കുന്നതാണ് ഇന്ദുലേഖ എന്നു പറയുന്നതെന്തുകൊണ്ട്?
4. 'എം.മുകുന്ദന്റെ ആധുനികതയുടെ വിചാരപദ്ധതിയെ പ്രതിനിധീകരിക്കുന്ന 'അഞ്ചരവയസ്സുള്ള കുട്ടി' എന്ന കഥ മാറിയ കാലത്തും ഏറെ പ്രസക്തമാണ്.' - വിലയിരുത്തുക
5. മലയാള നോവൽ സാഹിത്യചരിത്രത്തിൽ 'ഖസാക്കിന്റെ ഇതിഹാസം' എന്ന നോവലിനുള്ള പ്രസക്തി എന്ത്?
6. മലയാളസാഹിത്യത്തിലെ ദളിതാവിഷ്കാരങ്ങളിൽ ചാവുതുള്ളലിനുള്ള സ്ഥാനം വ്യക്തമാക്കുക.
7. 'അപമിത്തീകരിക്കപ്പെട്ട (demythologize) ചരിത്രത്തിൽ നിന്നാണ് ആധുനികാനന്തര നോവലിന്റെ പ്രമേയപരിസരം വികസിക്കുന്നത്. ' - വ്യക്തമാക്കുക.
8. വിവാഹജീവിതവുമായി ബന്ധപ്പെട്ട് പരമ്പരാഗതമായി സമൂഹം ഉണ്ടാക്കിവെച്ച ശുദ്ധി, പാപം മുതലായ ചിന്തകളെ മാധവിക്കുട്ടിയുടെ കഥകൾ റദ്ദ് ചെയ്യുന്നതെങ്ങനെയെന്ന് ചന്ദനമരങ്ങൾ മുൻനിർത്തി പരിശോധിക്കുക.

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. മരുമക്കത്തായ സമ്പ്രദായത്തിന്റെ പരിമിതികൾ ഇന്ദുലേഖയിൽ അനാവരണം ചെയ്യപ്പെടുന്നത് എങ്ങനെയെന്ന് വിവരിക്കുക?
10. 'കൊമ്പനാനയുടെ പൊങ്ങച്ചത്തിൽനിന്നും കുഴിയാനയുടെ യാഥാർത്ഥ്യത്തിലേക്കുള്ള പരിണിതിയാണ് കുഞ്ഞുതാച്ചുമ്മയുടെത്. ' - വിലയിരുത്തുക.
11. 'സാഹചര്യസമ്മർദ്ദങ്ങൾകൊണ്ട് മനുഷ്യസ്വഭാവത്തിൽ വരുന്ന വികാസപരിണാമങ്ങളെ വിദഗ്ദ്ധമായി അവതരിപ്പിച്ച എഴുത്തുകാരനാണ് ഉറൂബ്. '- മായൻ, ഉമ്മാച്ചു എന്നീ കഥാപാത്രങ്ങളെ മുൻനിർത്തി പരിശോധിക്കുക.
12. എസ് ഹരീഷിന്റെ മാവോയിസ്റ്റ് എന്ന കഥ പുതിയ കാലത്തോട് സംവദിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക?
13. 'ആധുനിക നോവലിസ്റ്റുകളുടെ കൂട്ടത്തിൽ ആനന്ദിന്റെ ഭാഷ ഏറ്റവും കൂടുതൽ വസ്തുനിഷ്ഠസ്വഭാവം പ്രകടമാക്കുന്നു.' വ്യക്തമാക്കുക.
14. ‘സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ തനിമയാർന്ന തലവും ചാവുതുള്ളലിലുണ്ട്.’- വിലയിരുത്തുക.
15. 'സുസാനസു പിന' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുള്ള ദേവനായകിയുടെ കഥ ചുരുക്കി പ്രതിപാദിക്കുക.
16. 'പുതിയ മാധ്യമമുതലാളിത്തത്തിന്റെ ഉടലാണ്ടരൂപമാണ് ആരാച്ചാർ നോവലിലെ സഞ്ജീവ് കുമാർ മിത്ര.' -വിലയിരുത്തുക.
17. 'അണക്കെട്ടുകൾ പൊളിച്ചുകളയുന്ന നാളെകളെ ഞാൻ സ്വപ്നം കാണുന്നു.' - എന്തുകൊണ്ടാണ് ജഗ്ദീപ് മർമു ഇങ്ങനെ സംസാരിക്കുന്നത്?
18. കടുത്ത മതവിശ്വാസങ്ങളിൽ നിന്ന് വിശ്വാസിസമൂഹം മാറുന്നതിന്റെ അതിമർദ്ദമാണ് 'പള്ളി വാളും കാൽച്ചിലമ്പും' എന്ന കഥയുടെ വർത്തമാനകാല മൂല്യം.' - വിലയിരുത്തുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. സി. അയ്യപ്പന്റെ പ്രേതഭാഷണം എന്ന കഥയിൽ ആവിഷ്കരിക്കപ്പെടുന്ന ദളിത് സ്ത്രീയവസ്ഥ വ്യക്തമാക്കുക.

**QP CODE**
**B2034**

20. 'കീഴാള ധർമ്മശാസ്ത്രത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയിട്ടുള്ള നോവലാണ് 'ചാവുതുള്ളൽ'.'- വ്യക്തമാക്കുക.
21. 'പ്രത്യയശാസ്ത്രത്തെ സംവേദനക്ഷമതയോടെ ആവിഷ്കരിക്കാൻ കഴിഞ്ഞ നോവലാണ് തകഴിയുടെ രണ്ടിടങ്ങഴി .' - സമർത്ഥിക്കുക.
22. പൈങ്കിളി എന്ന പരിഹാസപ്പേരിൽ അടയാളപ്പെടുത്തപ്പെട്ട മലയാള ജനപ്രിയ നോവൽസാഹിത്യത്തിന്റെ ലക്ഷ്യലക്ഷണങ്ങൾക്ക് മാതൃകയായ കൃതി എന്ന നിലയിൽ മുട്ടത്തുവർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന നോവൽ വിശകലനം ചെയ്യുക.

**(15X2=30)**